**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5850** **16-03-2023 - ൽ മറുപടിയ്ക്ക്**

**സെർവർ തകരാർ മൂലം കാർഡുടമകൾക്കുണ്ടാകുന്ന ബുദ്ധിമുട്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൻ. ഷംസുദ്ദീൻ** | | **ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | സെർവർ തകരാർ മൂലം റേഷൻ കടകളുടെ സമയക്രമത്തിൽ ഉണ്ടായ മാറ്റം ഉപഭോക്താക്കളെ ബുദ്ധിമുട്ടിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. 01.03.2023 ന് മുമ്പ് റേഷൻ കടകളുടെ സമയക്രമത്തിൽ വരുത്തിയിരുന്ന മാറ്റം മാസത്തിന്റെ ആദ്യം തന്നെ ഉപഭോക്താക്കളെ അറിയിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിരുന്നു. പ്രസ്തുത സമയക്രമം ഉപയോഗിച്ച് റേഷൻ വാങ്ങുന്നതിനുള്ള സൗകര്യം ഉപഭോക്താക്കൾക്ക് ലഭ്യമായിരുന്നു. റേഷൻ കടകളുടെ പ്രവർത്തന സമയം 01.03.2023 മുതൽ രാവിലെ 8 മുതൽ ഉച്ചയ്ക്ക് 12.00 വരെയും വൈകുന്നേരം 4 മുതൽ 7 മണി വരെയും പുനഃക്രമീകരിച്ചിട്ടുണ്ട്. റേഷൻ വിതരണവുമായി ബന്ധപ്പെട്ട സർവറുകളിൽ ഉണ്ടാകുന്ന തകരാർ കാരണം റേഷൻവിതരണത്തിൽ ഭാഗികമായ തടസ്സം നേരിടാറുണ്ട്. വിതരണം പൂർണ്ണമായും മുടങ്ങുന്ന സാഹചര്യം ഉണ്ടായിട്ടില്ല. റേഷൻ വിതരണവുമായി ബന്ധപ്പെട്ട സെർവറുകളിൽ എന്തെങ്കിലും പ്രശ്നങ്ങൾ ഉണ്ടാകുന്ന സാഹചര്യത്തിൽ അനുബന്ധ ഏജൻസികളാ NIC ടീം, IT മിഷൻ, UIDAI എന്നിവരുമായി ബന്ധപ്പെട്ട് ഉടനടി പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.<br>BSNL ബാൻഡ് വിഡ്ത്ത് 20 mbps എന്നുള്ളത് 100 mbps ലേക്ക് ഉടനടി മാറ്റുന്നതിന് BSNL -ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഓതന്റിക്കേഷൻ യൂസർ ഏജൻസിയുടെ (AUA)സെർവറിൽ ഉണ്ടാകുന്ന നെറ്റ് വർക്ക് എറർ കാരണം റേഷ വിതരണം തടസ്സപ്പെടാതിരിക്കുന്ന തിനായി NI യുടെ(AUA)സെർവർ അധികമായി ഉപയോഗിക്കുന്നതിനുള്ള അനുവാദം ചോദിച്ചിട്ടുണ്ട്. കൂടാതെ ഓതന്റിക്കേഷൻ |

| | | | |
|---|---|---|---|
| | | | സർവ്വീസ് ഏജൻസി (ASA), UIDAI (ആധാർ) എന്നിവയുടെ സെർവറും കൃത്യമായ് പ്രവർത്തിച്ചാൽ മാത്രമേ വിതരണത്തിൽ തടസ്സം നേരിടുന്നത് പരിപൂർണ്ണമായി ഒഴിവാക്കാൻ സാധിക്കുകയുള്ളൂ. എന്നാൽ ഈ സെർവറുകൾ സംസ്ഥാന സർക്കാർ നിയന്ത്രണത്തിൽ ഉള്ളവയല്ല. ആയതിനാൽ ഈ സെർവറുകളിൽ എന്തെങ്കിലും പ്രശ്നങ്ങൾ ഉണ്ടാകുന്ന സാഹചര്യത്തിൽ മേൽപ്പറഞ്ഞ ഏജൻസികളുമായി ബന്ധപ്പെട്ട് ഉടനടി പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ സിവിൽ സപ്ലൈസ് വകുപ്പിന്റെ സെർവർ അപ്ഗ്രേഡ് ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ട്.<br><br>റേഷൻ വിതരണത്തിലെ സാങ്കേതിക തകരാറുകൾ സംബന്ധിച്ച ആക്ഷേപങ്ങൾ ഉയർന്നു വരുന്ന സാഹചര്യത്തിലും കഴിഞ്ഞ 5 മാസത്തെ ശരാശരി റേഷൻ വിതരണം 80% ആണ് എന്ന് കണക്കുകൾ വ്യക്തമാക്കുന്നു. |
| (ബി) | നാളിതുവരെ സെർവർ തകരാർ പരിഹരിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ; ഇതുമൂലം പല കാർഡ് ഉടമകളും റേഷൻ വാങ്ങാതെ തിരികെ പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | (ബി) | ക്ലോസ് (എ) യുടെ ഉത്തരം കണ്ടാലും. |

സെക്ഷൻ ഓഫീസർ